## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6700 09.07.2012-ലെ മറുപടിക്ക്

## <u>ഇന്റർചർച്ച് കൗൺസിലിന് കീഴിലുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ</u>

**<u>ചോദ്യം</u>**

ശ്രീ. എം. എ. ബേബി :

**<u>ഉത്തരം</u>**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഈ അദ്ധ്യയന വർഷം ഇന്റർചർച്ച് കൗൺസിലിന് കീഴിലുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി പ്രവേശന രീതി വ്യക്തമാക്കാമോ ;

(എ) 2012–13 വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് ഫെഡറേഷനുമായി സർക്കാർ ഒപ്പുവച്ച കരാർ പ്രകാരം മൊത്തം സീറ്റിന്റെ 50% സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള റാങ്ക്ലിസ്റ്റിൽനിന്നും മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതും ബാക്കി 50% സീറ്റുകളിൽ നിർദ്ദിഷ്ട അക്കാദമിക് മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ 50% സീറ്റുകളുടെ 35% ത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടേയും യോഗ്യതാ പരീക്ഷയിലെ ഐച്ഛിക വിഷയങ്ങളിൽ (core subjects) നേടിയ മാർക്കിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. ശേഷിക്കുന്ന 15% സീറ്റുകളിൽ എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്നും വ്യവസ്ഥയുണ്ട് . എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർവ്വകലാശാലകൾ നിശ്ചയിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പ്രവേശിപ്പിക്കുന്നത്.

(ബി) ഈ സീറ്റുകളിലേക്കുള്ള ഫീസ് ഘടന വിശദീകരിക്കാമോ ;

(ബി) എൻ.ആർ.ഐ. വിഭാഗം ഒഴികെയുള്ള സീറ്റുകളിൽ ഏകീകൃത ഫീസായ 3,75,000/- രൂപയാണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. എൻ.ആർ.ഐ. വിഭാഗത്തിന് 8,00,000/- രൂപയാണ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ഈ കോളേജുകളിൽ സർക്കാർ സീറ്റുകളിലേക്കും മാനേജ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശന രീതി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ അനുസരിച്ചാണോ എന്നു വ്യക്തമാക്കാമോ ;

(ഡി) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾക്കനുസരിച്ചല്ല പ്രവേശനം നടത്തുന്നതെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**(സി) & (ഡി)**

കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള കോളേജുകളിൽ ഈ വർഷം ഒപ്പുവച്ച കരാർ പ്രകാരം 50% സർക്കാർ സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്കുലിസ്റ്റിൽ നിന്നും മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്തുകയും 35% മാനേജ്മെന്റ് സീറ്റുകളിൽ മുൻവർഷങ്ങളിലേതുപോലെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടേയും യോഗ്യതാപരീക്ഷയിലെ ഐശ്ചിക വിഷയങ്ങളിൽ (core subjects) നേടിയ മാർക്കിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. ഈ കോളേജുകളിൽ ഇത്തരത്തിൽ മുൻ വർഷങ്ങളിൽ നടത്തിയ പ്രവേശന നടപടികളെ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ റദ്ദാക്കിയതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ